**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86</u>** **<u>11-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പട്ടിക വർഗ്ഗ ജനവിഭാഗങ്ങൾക്ക് പ്രത്യേക ജീവനോപാധി പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത ജീവനോപാധികളെ ആശ്രയിക്കുന്ന പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക ജീവനോപാധി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പരമ്പരാഗത ജീവനോപാധികളെ ആശ്രയിക്കുന്ന പട്ടിക വർഗ്ഗ ജനവിഭാഗങ്ങൾക്കുവേണ്ടി ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഗോത്രജീവിക പദ്ധതി<br><br>2. ഹരിതരശ്മി പദ്ധതി<br><br>3. സഹ്യകിരൺ പദ്ധതി<br><br>4. പി.വി.റ്റി.ജി പദ്ധതി |
| (ബി) | പ്രസ്തുത പദ്ധതി ഏതൊക്കെ ജനവിഭാഗങ്ങൾക്കായാണ് നടപ്പിലാക്കുന്നതെന്നും ഏതൊക്കെ ഘടക പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും വിശദമാക്കുമോ; | (ബി) | <u>ഗോത്ര ജീവിക</u><br><br>പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട തൊഴിൽ സന്നദ്ധരായ യുവതീയുവാക്കൾക്ക് നൈപുണ്യ വികസനവും സുസ്ഥിരമായ ജീവനോപാധിയും സാമ്പത്തിക സാമൂഹികശാക്തികരണവും ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണിത്.<br><br>തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട മേസൺറി , മരപ്പണി, പ്ലംബിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, ടൈൽ വർക്കുകൾ, പെയിൻറിംഗ്, ഡ്രൈവിംഗ് തുടങ്ങിയ ഇനങ്ങളിൽ പരിശീലനം നൽകുകയും ഈ യുവതി യുവാക്കളെ ഉൾപ്പെടുത്തി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 57 സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും അവർ പട്ടികവർഗ്ഗ മേഖലയിലേതുൾപ്പെടെയുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നുണ്ട് . |

കൂടാതെ റൂറൽ മേസൺ, അസിസ്റ്റൻറ് മേസൺ, ഫ്ളോറിംഗ്, പെയിൻറിംഗ്, പരിസ്ഥിതി സൗഹൃദ ബാഗ് നിർമ്മാണം, ഇലക്ട്രോണിക് ഉപകരണങ്ങൾ, മൊബൈൽഫോൺ എന്നിവയുടെ റിപ്പയറിംഗ് എന്നീ പരിശീലന പരിപാടികളിലുൾപ്പെടുത്തി പരിശീലനം നേടിയവരെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 29 സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും പട്ടികവർഗ്ഗമേഖലയിലേതുൾപ്പെടെയുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നുണ്ട്.

<u>ഹരിതരശ്മി</u>

പട്ടികവർഗ്ഗവിഭാഗത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ജീവനോപാധി വർദ്ധിപ്പിക്കുന്നതിനുമായി പട്ടികവർഗ്ഗക്കാരുടെ കൈവശം തരിശായി കിടക്കുന്ന ഭൂമിയെ കൃഷിക്കുപയുക്തമാക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് ഹരിതരശ്മി.

പ്രാദേശികമായി കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും മേൽനോട്ടം വഹിക്കുന്നതും എല്ലാ സഹായങ്ങളും ഈ സംഘങ്ങളുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്.

ഇത്തരത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 157 സംഘങ്ങൾ പ്രവർത്തിക്കുന്നു. പദ്ധതിയുടെ ഭാഗമായി വിവിധതരം വിത്തുകൾ, പച്ചക്കറി തൈകൾ, ഔഷധ സസ്യങ്ങൾ, വാഴകൾ, വളങ്ങൾ, ജൈവകീടനാശിനികൾ, കൃഷിപരിപാലന ഉപകരണങ്ങൾ, മണ്ണ് പരിശോധന, വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ, വിപണനസാധ്യതകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കി. ഉപഭോക്താക്കളുടെ അഭിരുചിയും, താല്പര്യവും, മണ്ണിന്റെ ഘടനയും കണക്കിലെടുത്താണ് കൃഷിരീതികൾ തീരുമാനിച്ചത്. കാർഷിക വിദഗ്ധരെ ഉൾപ്പെടുത്തി പദ്ധതിയിലൂടെ രൂപീകരിച്ച കർഷക ഗ്രൂപ്പുകൾക്ക് കൃഷിരീതികൾ, ശാസ്ത്രീയ വിളവെടുപ്പ് രീതികൾ, വിത്തുകളുടെ പരിപാലനം, നേഴ്സറി മാനേജ്മെന്റ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകി. കൂടാതെ സംഘം പ്രതിനിധികൾക്ക് നേതൃപരിശീലനവും നൽകിയിട്ടുണ്ട്.

<u>സഹ്യകിരൺ പദ്ധതി</u>

കേരള സർക്കാർ, കേന്ദ്രസർക്കാർ സഹായത്തോടെ പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പരമ്പരാഗത

തൊഴിൽ മേഖലകളെ ശക്തിപ്പെടുത്തുന്നതിനായി രൂപം നൽകിയ പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്; മലപ്പുറം, കണ്ണൂർ, വയനാട്, കാസർകോഡ് എന്നി ജില്ലകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

1. മറയൂർ ശർക്കര നിർമ്മാണം

2. മുളയും ചൂരലും ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം

3. പായകളുടെയും പരമ്പുകളുടെയും കാർപ്പെറ്റുകളുടെയും നിർമ്മാണം

4. വനങ്ങളിൽ നിന്നു ശേഖരിക്കുന്ന തേൻ സംസ്കരണം

5. ഔഷധ ചെടികളുടെയും മറ്റ് വന വിഭവങ്ങളുടെയും ശേഖരണം

സഹ്യകിരൺ പദ്ധതിയിൽ ശർക്കര നിർമ്മാണത്തിൽ കാലങ്ങളായി പങ്കെടുത്തുവരുകയും പരമ്പരാഗതമായി കൃഷി ചെയ്യുകയും ചെയ്യുന്ന ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട മറയൂരിലെ 150 - ഓളം കുടുംബങ്ങളെ സംഘടിപ്പിച്ച് കൊണ്ട് മറയൂർ - കാന്തല്ലൂർ ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി എന്ന പേരിൽ ഒരു കമ്പനി ഇതിനായി രൂപീകരിച്ചു. പൂർണ്ണമായും പട്ടിക വർഗ്ഗ കുടുംബങ്ങൾ മാത്രം അംഗങ്ങളായിട്ടുള്ള ഈ സംരംഭം ഇന്ത്യയിൽ തന്നെ ആദ്യത്തേതാണ്. പട്ടിക വർഗ്ഗ കർഷകരുടെ കൈവശമുള്ള ഭൂമിയിലെ കരിമ്പ് കൃഷിക്ക് മതിയായ വില ലഭ്യമാക്കുകയും അതോടൊപ്പം ശർക്കര നിർമ്മാണത്തിന്റെ ലാഭം പൂർണമായും പട്ടികവർഗ്ഗ മേഖലയിലേക്ക് എത്തിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ഈ ശർക്കര നിർമ്മാണ ഫാക്ടറി പ്രവർത്തനം ആരംഭിക്കുന്നത്. ശർക്കര ഉൽപാദനത്തിന്റെ എല്ലാ ഘട്ടങ്ങളിലും കാര്യക്ഷമമായ പ്രത്യേക പരിശീലനം ഗുണഭോക്താക്കൾക്ക് നൽകി വരുന്നു . പ്രസ്തുത ശർക്കര ഉത്പാദന പ്ലാൻറിൽ 30 പേർക്ക് നേരിട്ട് ജോലി നൽകുകയും, അസംസ്കൃത വസ്തുക്കളുടെ വിളവെടുപ്പിലും, വിനിമയത്തിലും 300 ഓളം പേർക്ക് പരോക്ഷമായി തൊഴിൽ നൽകുകയും ചെയ്യുന്നു. ഇത് ശർക്കര ഉൽപാദന പ്രക്രിയയിലുടനീളം സജീവമായ ഗോത്രവർഗ വിഭാഗക്കാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. കാന്തല്ലൂർ പഞ്ചായത്തിലെ ദണ്ട്കൊമ്പ് കോളനിയിലാണ് ഈ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച മറയൂർ -

| | | | |
|---|---|---|---|
| | | | കാന്തല്ലൂർ ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.<br><br><u>പി.വി.റ്റി.ജി വിഭാഗക്കാർക്കുള്ള പദ്ധതി</u><br><br>കേരളത്തിലെ പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗങ്ങളായ കൊറഗ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കുറുമ്പർ ജനവിഭാഗങ്ങളുടെ ജീവനോപാധി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പട്ടികവർഗ്ഗ വികസനവകുപ്പ് കേന്ദ്ര ധനസഹായത്തോടെ പി.വി.റ്റി.ജി വിഭാഗക്കാർക്കുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു . പ്രത്യേക ദുർബല ഗോത്രവർഗ്ഗ ജനവിഭാഗങ്ങളുടെ പ്രാതി നിധ്യമനുസരിച്ച് പാലക്കാട് (അട്ടപ്പാടി), വയനാട്, കാസർഗോഡ്, മലപ്പുറം (നിലമ്പൂർ) ജില്ലകളിലെ വനങ്ങളിൽ നിന്നുള്ള തേൻ ശേഖരണം, ഔഷധ ചെടികളുടേയും, മറ്റ് വനവിഭവങ്ങളുടേയും ശേഖരണം എന്നീ തൊഴിൽ മേഖലകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വനങ്ങളിൽ നിന്നുള്ള തേൻ ശേഖരണം, ഔഷധ ചെടികളുടേയും, മറ്റ വനവിഭവങ്ങളുടെ ശേഖരണം പരിപാടിയിൽ ഉൾപ്പെടുത്തി ധാരാളം ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉള്ളത്. |
| (സി) | പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്രത്തോളം പ്രയോജനകരമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിലൂടെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് സംരംഭകത്വം വികസിപ്പിക്കുന്നതിനും സാമൂഹികവും സാമ്പത്തികവുമായ ഉയർച്ചയും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പുവരുത്തുവാനും കഴിഞ്ഞിട്ടുണ്ട്. ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള വനവിഭവങ്ങളുടെ ശേഖരണം വാണിജ്യവത്കരിക്കുന്നതിലൂടെ പട്ടികവർഗ്ഗ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും തൊഴിലവസരങ്ങളും വർധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട് . ദുർബല വിഭാഗങ്ങൾക്ക് ഉപജീവന അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ അവരെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുന്നതിനും സമൂഹത്തിൽ ഇവരുടെ പങ്കാളിത്തം ഉറപ്പ വരുത്തുന്നതിനും സംസ്കാരം വളർത്തിയെടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ